**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3768** **02-03-2023 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത പദ്ധതികൾ ഏതെല്ലാമെന്നും അനുവദിച്ച തുക എത്രയെന്നും അറിയിക്കാമോ; മേൽ പ്രപ്പോസലിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; | (എ) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശുപാർശ പ്രകാരം തയ്യാറാക്കിയ കളിസ്ഥലങ്ങളുടെ ലിസ്റ്റിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ വഴിക്കടവ് പഞ്ചായത്തിലെ പാലാട് പഞ്ചായത്ത് ഗ്രൗണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന തുകയിൽ 50 ലക്ഷം രൂപ കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്.**<br><br>**പാലാട് ഗ്രാമ പഞ്ചായത്ത് ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായുള്ള എം.എൽ.എ ഫണ്ട് അനുവദിച്ചു കൊണ്ട് എം.എൽ.എ യുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (ബി) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിന്നും ആകെ എത്ര അപേക്ഷകളാണ് മേൽ പദ്ധതിയിലേക്ക് സമർപ്പിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; ഓരോ സാമ്പത്തിക വർഷവും ഓരോ പഞ്ചായത്തുകളിലെ കളിസ്ഥലങ്ങൾ തെരഞ്ഞെടുക്കാനാണോ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | **നിലമ്പൂർ നിയോജക മണ്ഡലത്തിൽ വഴിക്കടവ് ഗ്രാമപഞ്ചായത്തിന്റേത് ഒഴികെ മറ്റു അപക്ഷകളൊന്നും ലഭിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി പ്രസ്തുത പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.** |
| (സി) | തെരഞ്ഞെടുക്കപ്പെടുന്ന കളിസ്ഥലങ്ങളുടെ വികസനത്തിനായി പദ്ധതി രേഖ തയ്യാറാക്കേണ്ടത് തദ്ദേശസ്ഥാപനങ്ങളാണോയെന്നും, അല്ലെങ്കിൽ | (സി) | **ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി നിർവ്വഹണ ഏജൻസിയായി കായിക യുവജനകാര്യാലയത്തിനു കീഴിലുള്ള സ്പോർട്സ്** |

| | | | |
|---|---|---|---|
| | ഇതിനായി ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | | **കേരള ഫൗണ്ടേഷനെ സംസ്ഥാന സർക്കാർ നിയോഗിച്ചിട്ടുള്ളതുപ്രകാരം ടി സ്ഥാപനമാണ് പദ്ധതിരേഖ തയ്യാറാക്കുന്നത്.** |

സെക്ഷൻ ഓഫീസർ